# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:212 — 18.06.2018-ൽ മറുപടിയ്ക്ക്

## മത്സ്യോല്പാദന രംഗത്തെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ആൻസലൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) പ്രകൃതിദത്തമായ സൗകര്യം ഫലപ്രദമായി ഉപയോഗിച്ച് മത്സ്യോല്പാദനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) പ്രകൃതിദത്തമായ സൗകര്യം ഫലപ്രദമായി ഉപയോഗിച്ച് മത്സ്യോൽപ്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 390 ലക്ഷം രൂപയുടെ പദ്ധതികളും, മത്സ്യോദ്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനും വികസനങ്ങൾക്കുമായി 1800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 4800 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഉൾനാടൻ ജലകൃഷി വികസന പ്രവർത്തനങ്ങൾ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3691.51ലക്ഷം രൂപ അടങ്കൽ തുക വരുന്ന 8 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ഓരുജലാശയങ്ങളിലെ കൂടു കൃഷി, കല്ലുമ്മേക്കായ കൃഷി, പുനഃപര്യയന മത്സ്യകൃഷി, നവീകരിച്ച കുളങ്ങളിലെ ചെമ്മീൻകൃഷി, മത്സ്യകൃഷിയ്ക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ, ഓരു ജല മത്സ്യകൃഷിയ്ക്കായി കുളങ്ങളുടെ പുനരുദ്ധാ |

രണവും കുളം നവീകരണവും, എയർബ്രീത്തിംഗ് മത്സ്യങ്ങളുടെ കൃഷിയും, കുളം നവീകരിച്ചുകൊണ്ടുള്ള ഗിഫ് തിലോപ്പിയ കൃഷി എന്നിവയാണ്. ഇതിനുപുറമേ 2018-19 സാമ്പത്തിക വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർപ്പ് കൃഷി, ചെമ്മീൻകൃഷി, ശുദ്ധ ജലാശയങ്ങളിലെ കൂടുകൃഷി എന്നീ പദ്ധതികൾക്കായി 2400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ബി) സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പൊതു ജലാശയങ്ങൾ, കുളങ്ങൾ, ഡാമുകൾ, കായലുകൾ നദികൾ എന്നിവയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാനുമുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതയെക്കുറിച്ച് വ്യക്തമാക്കാമോ;

ബി) സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കണ്ണൂർ, കോട്ടയം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിൽ 10 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരുന്നു. ഉൾനാടൻ മേഖലയിൽ മത്സ്യസമ്പത്തിന്റെ വർദ്ധനവിനും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കുമായി 2018-19 സാമ്പത്തിക വർഷം 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പൂർണ്ണമായും 14 ജില്ലകൾക്കായി ഉൾനാടൻ ജലാശയങ്ങളിൽ വിവിധയിനം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പൊതുജലാശയങ്ങൾ, കുളങ്ങൾ, ഡാമുകൾ, കായലുകൾ, നദികൾ തുടങ്ങിയവയിൽ കാർപ്പ്, കരിമീൻ, മഹസിർ, ഷ്രിംപ്, മിൽക്ക് ഫിഷ് തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ജില്ലകളിൽ പുരോഗമിച്ചു വരുന്നു. മേൽ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും കീഴിലുള്ള ഹാച്ചറികളിലും/ ഫിഷ് സീഡ് ഫാമുകളിലും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സി) കടൽ മത്സ്യശോഷണത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമാണ്;

സി) സമുദ്ര ജലത്തിനുണ്ടാകുന്ന അനിയന്ത്രിതവും മാരകവുമായ മലിനീകരണവും, ആഗോളതാപനം, വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കൽ ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നു കയറ്റം, കണ്ടൽ

കാട്ടുകളുടെ നാശം, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ് മത്സ്യസമ്പത്തിന്റെ ശോഷണത്തിനുള്ള പ്രധാന കാരണങ്ങൾ. ഇവയിൽ ചിലത് മനുഷ്യകാരണങ്ങളും മറ്റു ചിലത് പ്രകൃത്യാ സംഭവിക്കുന്നവയുമാണ്. വിഭവശോഷണം ഒഴിവാക്കുന്നതിനായി മത്സ്യബന്ധന സമ്മർദം പരമാവധി കുറയ്ക്കുന്നതിന് ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എം.എഫ്.ആർ. ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജുവനൈൽ ഫിഷിംഗ് പൂർണ്ണമായും തടയുന്നതിനായി 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് നോട്ടിഫൈ ചെയ്യുകയും അതനുസരിച്ച് പരിശോധനകൾ കർശനമാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പം, കുറഞ്ഞ കണ്ണിവലിപ്പം, എഞ്ചിനുകളുടെ പരമാവധി കുതിരശക്തി എന്നിവ നിഷ്കർഷിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഡി) കടൽ മത്സ്യബന്ധനത്തിന്റെ വാണിജ്യവൽക്കരണം,മുതൽമുടക്കിന് ശേഷിയില്ലാത്ത പരമ്പരാഗത തൊഴിലാളികളെ പാപ്പരാക്കുന്നത് ഒഴിവാക്കാനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഡി) പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് മത്സ്യലഭ്യത ഉറപ്പ് വരുത്തുന്നതിനായി കൊല്ലങ്കോട് മുതൽ പരവൂർ വരെ 30 മീറ്റർ ആഴം വരെയും പരവൂർ മുതൽ മഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ വർഷവും അടിത്തട്ടിലെ ട്രോളിംഗ് നിരോധനം നടപ്പാക്കി വരുന്നുണ്ട്. നടപ്പു വർഷം ട്രോളിംഗ് നിരോധനം മുൻകാലങ്ങളിൽ നടത്തിയിരുന്ന 47 ദിവസത്തിൽ നിന്ന് 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ EEZ-ൽ പൂർണ്ണമായ മത്സ്യബന്ധന നിരോധനമാണ് മൺസൂൺകാലത്ത് നടപ്പിലാക്കുന്നത്. കടൽമത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി തീരക്കടലിലെ തെരെഞ്ഞെടുത്ത പ്രദേശങ്ങളിൽ ഓരോ വർഷവും കൃത്രിമ പാര് നിക്ഷേപിക്കാറുണ്ട്. വിദേശ ട്രോളറുകൾക്ക് നമ്മുടെ സമുദ്രാതിർത്തിയിൽ വന്ന് മത്സ്യബന്ധനം നടത്താൻ അനുവാദം നൽകുന്ന LOP, പുതിയ നാഷണൽ മറൈൻ പോളിസിയുടെ അടിസ്ഥാനത്തിൽ നിർത്തലാക്കുമെന്ന നിലപാട് ഒരു പരിധിവരെ ആഴകടൽ മത്സ്യവിഭവശോഷണം കുറയ്ക്കുന്നതിന് സഹായിക്കും. LOP നിർത്തലാക്കുമെന്ന് പറയുമ്പോൾ തന്നെ, കേന്ദ്രസർക്കാർ

ആഴകടൽ മത്സ്യബന്ധനത്തിൽ പൊതു സ്വകാര്യ പങ്കാളിത്തം (PPP) പ്രോത്സാഹിപ്പിക്കുമെന്ന നിലപാട് സ്വീകരിക്കുന്നത് മത്സ്യവിഭവചൂഷണ സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിനിടയാക്കുമെന്ന പ്രശ്നവും നിലനിൽക്കുന്നു.

**സെക്ഷൻ ആഫീസർ**